**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :3873 21.06.2019-ലെ മറുപടിക്ക്

## സിയാൽ മാതൃകയിൽ കോട്ടയത്ത് ടയർ കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സിയാൽ മാതൃകയിൽ കോട്ടയത്ത് ടയർ കമ്പനി സ്ഥാപിക്കും എന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതിനായുള്ള നടപടി ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ;<br>(ബി) പ്രസ്തുത കമ്പനിക്കായി സ്ഥലം കണ്ടെത്തുവാനുള്ള നടപടി ആരംഭിച്ചുവോ; എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്;<br>(സി) ടയർ മേഖലയിൽ കടുത്ത മത്സരമായതിനാൽ, ഗുണനിലവാരവും സാങ്കേതിക മികവും ഉറപ്പാക്കുന്ന കമ്പനി സ്ഥാപിക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമോ എന്നറിയിക്കാമോ? | (എ),(ബി)&(സി) സർക്കാർ തീരുമാനങ്ങൾക്ക് അനുസൃതമായി മൂല്യ വർധിത റബ്ബർ ഉൽപ്പന്നങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി " കേരള റബ്ബർ ലിമിറ്റഡ് " എന്ന പേരിൽ ഒരു കമ്പനി കെ.എസ്.ഐ ഡി.സി 07-06-19 ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്.സിയാൽ മാതൃകയിലാണ് പ്രസ്തുത കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും തയ്യാറാക്കപ്പെട്ടിട്ടുള്ളത് .പ്രസ്തുത കമ്പനിയ്ക്കായി കോട്ടയം ജില്ലയിൽ പദ്ധതിയ്ക്ക് അനുയോജ്യമായ 200 ഏക്കർ ഭൂമി കണ്ടെത്തി കഴിഞ്ഞു |

**സെക്ഷൻ ഓഫീസർ**